"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ഇ.എം.എസ്. ഭവന പദ്ധതിയിൽ പൂർത്തീകരിച്ച വീടിന് ബാക്കി തുക നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.524/2022/LSGD തീയതി,തിരുവനന്തപുരം, 05-03-2022

---

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 18/12/2021ലെ 4.1 നമ്പർ തീരുമാനം.

**ഉത്തരവ്**

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിലെ മുരിയാട് ഗ്രാമപഞ്ചായത്തിലെ പുല്ലൂർ കീഴ്ത്താളി വീട്ടിലെ സുമ മോഹൻ (W/o മോഹൻ) 2008-09 ലെ ഇ.എം.എസ്. ഭവന പദ്ധതിയിലെ ഗുണഭോക്താവാണ്. പട്ടികജാതി വികസന ഓഫീസറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. ധനസഹായ നിരക്കായ 75,000/- രൂപയിൽ ആദ്യരണ്ടു ഗഡുക്കളായി 33,750/- രൂപ നൽകി. നിർദ്ദിഷ്ട സമയത്തിനകം വീടുനിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ബാക്കി തുക നൽകിയില്ല. 2017-18ൽ ലൈഫ് മിഷൻ സർവ്വേ നടത്തിയപ്പോൾ ഇവർ വീടു നിർമ്മാണം പൂർത്തീകരിച്ചു എന്ന് കണ്ടെത്തി. അതിനാൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയില്ല. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കിയതിനാൽ അർഹതപ്പെട്ട ബാക്കി തുകയായ 41,250/- രൂപ തനതുഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം 18.12.2021 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുമ മോഹൻ (W/o മോഹൻ) എന്നയാൾക്ക് ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കിയതിനാൽ അർഹതപ്പെട്ട ബാക്കി തുകയായ 41,250/- രൂപ തനതുഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ

സെക്രട്ടറി, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 10-03-2022 14:31:42**
സെക്ഷൻ ഓഫീസർ